പുതിയതായി അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ

23 [320] ശ്രീ. എ. എൻ. രാജൻ ബാബു:

,, കെ. കെ. ഷാജു:

,, ഉമേഷ് ചള്ളിയിൽ:

,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചു;

(ബി) ഇപ്രകാരം അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി എത്ര പേർക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വാശ്രയ മേഖലയിൽ 56 എഞ്ചിനീയറിംഗ് കോളേജുകളും, 19 എം. ബി. എ. സ്ഥാപനങ്ങളും 29 എം.സി.എ. സ്ഥാപനങ്ങളും, 2 ഹോട്ടൽ മാനേജ്മെന്റ് ആന്റ് കേറ്ററിംഗ് ടെക്നോളജി സ്ഥാപനങ്ങളും അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി) സ്വാശ്രയ മേഖലയിൽ അനുവദിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നത് ബന്ധപ്പെട്ട മാനേജ്മെന്റുകൾ ആയതിനാൽ, സർക്കാർ ഇത് സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടില്ല.

(സി) ആവശ്യമെന്നുകണ്ടാൽ, കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം പിന്നീട് പരിഗണിക്കാവുന്നതാണ്. കൂടുതൽ എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് ഗവൺമെന്റ് നിയോഗിച്ച ഡോ. ജയശങ്കർ കമ്മിറ്റിയുടെ ശുപാർശയ്ക്കു വിധേയമായി കൂടുതൽ കോളേജുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

സ്വാശ്രയ സ്കൂളുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

24 [321] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പുതിയ സ്വാശ്രയ സ്കൂളുകൾ അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള മാനദണ്ഡം എന്താണ്;

(സി) സർക്കാർ സ്കൂളുകളിൽ ഈ വർഷം പുതിയ +2 കോഴ്സുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly